# [vinuxavier]™

തറയാവരുതേ എന്ന പ്രാർത്ഥനയോടെ..!

## 12683 ബാംഗ്ളൂർ എക്സ്പ്രസ്സ്..

"ദുഷ്ടരുടെ അലർച്ചകൾ അല്ല..നന്മയുള്ളവരുടെ മൌനമാണ് എന്നെ കൂടുതൽ ഭയപ്പെടുത്തിയത്.."

മൂന്നുദിവസം മുന്നെ മനോരമയിൽ വന്ന ഒരു വാർത്തയെ അവലംബിച്ചാണ് ഞാനിതെഴുതുന്നത്. ഒരുപക്ഷേ മൂന്നരക്കോടിയോളം വരുന്ന മലയാളികളിലെ ഒരു ശതമാനത്തെപ്പോലും ഈ വാർത്ത ബാധിച്ചെന്നുവരില്ല. എങ്കിലും ജനങ്ങൾ വെറും കഴുതകളാണെന്നു ചിന്തിക്കുന്ന ഒരുകൂട്ടം അധികാരക്കയ്യാളന്മാരുടെ ധാർഷ്ട്യത്തിനു ഇന്നും ഒരു മാററവുമില്ല എന്നതിനു മറെറാരു ഉദാഹരണംകൂടി സംഭവിച്ചിരിക്കുന്നു. അധികാരക്കസേരയിൽ കയറാൻ കൈപിടിച്ചുസഹായിച്ചവരെ തന്നെ അതിനുമുകളിൽ കയറിയിരുന്നു നാലുംകൂട്ടി മുറുക്കി കാർക്കിച്ചുത്തുപ്പി വീണ്ടും കുറെ രാഷ്ട്രീയകൊഞ്ഞാണന്മാരും പണവെറിയന്മാരും ചേർന്ന്..

ഇത്രയും നാൾ ഞങ്ങൾ ക്ഷമിച്ചു.. കർണാടകയിലും തമിഴ്നാട്ടിലും ഉള്ളവർ തങ്ങളുടെ സ്വന്തം നാട്ടിൽനിന്നു പോയിവരാവുന്ന ജോലി ചെയ്യുമ്പോഴും ,ഇവിടെ മലയാളികൾ കഷ്ടപ്പെട്ടു പഠിച്ചുനേടിയ ജോലിചെയ്യാൻ ബാംഗ്ലൂറും ചെന്നയിലും പോയി അലയേണ്ട അവസ്ഥ. കേരളത്തിൽ ഇന്നു ഒരു നല്ല യൂത്ത് ഇല്ല. അഭ്യസ്ഥവിദ്യർ അന്യസംസ്ഥാനങ്ങളിൽ പോയി പണിയെടുക്കുന്നത് പണമോഹികളായതുകൊണ്ടല്ല ,മറിച്ച് ഞങ്ങൾക്ക് സ്വന്തം നാട്ടിൽ ജോലിയില്ലാത്തതുകൊണ്ടാണ്. പല കമ്പനികളും കൊച്ചിയിൽ തങ്ങളുടെ സ്ഥാപനം തുടങ്ങാൻ തുനിയുമ്പോൾ ഹർത്താലും പണിമുടക്കുമായി കേരളം അവർക്കെതിരേ മുഖം തിരിച്ചുകാണിക്കുന്നു. വർദ്ധിച്ചുവരുന്ന ഈ അവസരങ്ങൾ പുറംകാലുകൊണ്ട് തട്ടിത്തെറിപ്പിക്കുമ്പോഴും ഒന്നുമനസ്സിലാക്കുക, കോയംപത്തൂർ മൈസൂർ എന്നി നഗരങ്ങൾ അവിടെ മുതലെടുപ്പ് നടത്തിക്കഴിഞ്ഞു. ആക്ഷേപഹാസ്യം പറഞ്ഞു ദിവസങ്ങൾ തള്ളിനീക്കാൻമാത്രം അറിയാവുന്ന കുറെ രാഷ്ട്രീയത്തെരുവുനാടകക്കാരാവട്ടെ തങ്ങളുടെ പ്രിയപ്പെട്ടവർക്ക് മാത്രം ഉരുളയുരുട്ടിക്കൊടുത്ത് അവരെ വളർത്തിവലുതാക്കി സമൂഹത്തിനു

ബാധ്യതയായി തങ്ങളെവെല്ലാൻ ആരുമില്ലെന്ന അഹന്തയിൽ എത്തിച്ചിരിക്കുന്നു.

ഇത്രയും നാൾ ഞങ്ങൾ ക്ഷമിച്ചു.. മുപ്പതിനായിരം രൂപ ടാക്സ് എണ്ണിക്കൊടുക്കുമ്പോഴും ഒരു തൊഴിലുറപ്പുപോലുമില്ലാതെ അന്യനാട്ടിൽ സ്വന്തക്കാരിൽനിന്നകന്ന് കൂട്ടുകാരിൽനിന്നകന്ന് സ്വന്തം തനിമയിൽ നിന്നകന്ന് സ്വാദുള്ളഭക്ഷണംപോലും കിട്ടാതെ വിളർച്ചപിടിച്ച ദിവസങ്ങൾ തള്ളിനീക്കിയത്. ഞങ്ങൾക്കും ജീവിക്കണം . ഞങ്ങൾക്കും ദിവസവും വീട്ടിൽവന്ന് മീൻകറിയുംകൂട്ടി ചോറുതിന്നണം.. ഞങ്ങൾക്കും ഞായറാഴ്ച ഉച്ചയ്ക്ക് നാട്ടിലെ പിള്ളേരുടെ ഒപ്പം കലിങ്കിൽപോയി ഇരുന്ന് വർത്തമാനം പറയണം.. ഞങ്ങളുടെ ജീവിതത്തിൽ ഇതെല്ലാം ഇല്ലാതാക്കിത്തീർത്തു ഈ രാഷ്ട്രീയക്കോമാളികൾ. കഴിഞ്ഞ അഞ്ചുവർഷം മരവിച്ചുനിന്നു കേരളം.. ഇനി വരാൻപോകുന്നവരുടെ സ്ഥിതിയെന്തെന്നറിയില്ല. എങ്കിലും മാറിയുംമറിച്ചും വിജയിപ്പിച്ചുവിടുന്നു ഓരോ അഞ്ചുകൊല്ലം കൂടുമ്പോഴും!

ഇത്രയും നാൾ ഞങ്ങൾ ക്ഷമിച്ചു.. നാട്ടിൽ നിന്ന് പതിനൊന്നുമണിക്കൂർ ബസ്സിൽ കുത്തിപ്പിടിച്ചിരുന്നു വന്നിരുന്ന ദിവസങ്ങൾ. മൂന്നുമാസം മുന്നേ തുടങ്ങുന്ന ട്രെയിൻടിക്കററ് ബുക്കിങ്ങ് തുടങ്ങി ഏതാനും മണിക്കൂറുകൾക്കുള്ളിൽ അവസാനിക്കുന്നു. നാട്ടിലൊന്നു പോയിവരണമെങ്കിൽ ആയിരവും ആയിരത്തിയഞ്ഞൂറും കൊടുത്ത് ബസ്സിൽ .. ഇത്രയും തിരക്കുനിറഞ്ഞ ഒരു റൂട്ട് റെയിൽവേയുടെ ചരിത്രത്തിൽ ഉണ്ടോ എന്നുപോലും സംശയമാണ്. അതിൽ ആകെ ഉള്ളത് ഒരു ട്രെയിൻ. കന്യാകുമാരി ബാംഗളൂർ എക്സ്പ്രസ്സ്. ആകെയുള്ളത് എഴുന്നൂറ് സീററ് ! ഇരുപതിനായിരത്തോളം മലയാളികളാണ് ബാംഗ്ളൂരിൽ ജോലിക്കായിനിൽക്കുന്നത്. നിൽക്കുന്നതെന്ന് ഞാൻ പറഞ്ഞത് അവർക്ക് പോയിവരാനാവില്ല. ഇതുമുതലാക്കിയത് ഇപ്പഴും മുതലാക്കിക്കൊണ്ടിരിക്കുന്നത് ഒരുകൂട്ടം ബസ്സ്ലോബികളായിരുന്നു . പേരെടുത്തു പറയുന്നില്ല എങ്കിലും മഴക്കാലത്ത് കൂണുകൾ മുളച്ചുവരുന്നതിലും വേഗത്തിൽ അത്തരം മുതലാളിമാരുടെ എണ്ണം വർദ്ധിച്ചുവരുന്നു. സാധാരണഗതിയിൽ അറുന്നൂറുരൂപ നിരക്കിൽ ടിക്കററ് വിൽപ്പന നടത്താറുണ്ടെങ്കിലും ആ ടിക്കററ് എവിടെയാണ് കിട്ടുന്നതെന്ന് എനിക്കറിയില്ല. എന്നൊക്കെ അന്വേഷിച്ചിട്ടുണ്ടോ അന്നെല്ലാം ഓഡിനറി ട്രിപ്പ് ഫുള്ളായി സ്പെഷൽബസ്സിൽ ആയിരത്തിഅഞ്ഞ്ഞൂറിനു സീററുണ്ട് എന്ന മറുപടിയാണ് കിട്ടിയിട്ടുള്ളത്. ആരും നിയന്ത്രിക്കാൻ ഇല്ലാതെ ഇത്തരം പ്രൈവററ് ബസ്സ്ലോബികൾ അഴിഞ്ഞാടുമ്പോൾ അധികാരശവംതീനികൾ തങ്ങളുടെ നട്ടെല്ലില്ലായ്മ കൊണ്ട് നേടിയ വിഹിതത്തിൽ മതിമറന്നുല്ലസിക്കുന്നു. ദിവസവും അറുപതോളം ഇത്തരം ബസ്സുകളാണ് നാട്ടിലേക്ക് സ്പെഷൽട്രിപ്പടിക്കുന്നത്.

ഇത്രയും നാൾ ഞങ്ങൾ ക്ഷമിച്ചു.. ഓരോ റെയിൽവേ ബജററ് വരുമ്പോഴും ഞങ്ങൾ വീണ്ടുംവീണ്ടും ഇളിഭ്യരായിക്കൊണ്ടിരിക്കുന്നതിന്... അതിനെല്ലാം നിങ്ങൾ പറയുന്ന മുടന്തൻന്യായങ്ങൾ വിശ്വസിക്കുമ്പോൾ ഞങ്ങൾക്കുണ്ടാകുന്ന ദഹനക്കേടിന്..

ഇതു ഞങ്ങൾ ക്ഷമിക്കില്ല... മൂന്നുദിവസം മുന്നേ പത്രത്തിൽനിന്നു കിട്ടിയ വാർത്ത. ആയിരത്തോളംവരുന്ന ഞങ്ങൾക്ക് ആശ്വാസമായി ഞായറാഴ്ചമാത്രം സർവീസ് നടത്തിക്കൊണ്ടിരുന്ന എറണാകുളം ബാംഗലൂർ സൂപ്പർഫാസ്റ്റ് എക്സ്പ്രെസ്സ് തിങ്കളാഴ്ചയിലേക്ക് മാററുന്നു. അതിനുകാരണം സാങ്കേതികം.. എന്തുസാങ്കേതികം? ഇത്രയും നാൾ ഒരു
ക്രോസിങ്ങ് പോലും കിട്ടാതെ ഓടിക്കൊണ്ടിരിക്കുന്ന ട്രെയിനാണിത്. തിങ്കളാഴ്ച കൊച്ചുവേളി യെശ്വന്ത്പൂർ ഗരീബ് രഥ് എസി ട്രെയിനുംഉണ്ട് അതേ റൂട്ടിൽ . എന്താണിവിടെ സംഭവിച്ചത് ? ഇതിനു വിശ്വസനീയമായ ഒരു കാരണം ഞങ്ങൾക്കു തരിക.. ഇല്ലെങ്കിൽ ബാക്കി ഉള്ളവരുടെ കാര്യം എനിക്കറിയില്ല, ഞാൻ എർണാകുളം റെയിൽവേ സ്റ്റേഷനിൽ നിരാഹാരമിരിക്കും. ഈ ജന്മം കൊണ്ട് ഇങ്ങനെയൊരു പ്രയോജനമുണ്ടാകട്ടെ..

“ദുഷ്ടരുടെ അലർച്ചകൾ അല്ല..നന്മയുള്ളവരുടെ മൌനമാണ് എന്നെ കൂടുതൽ ഭയപ്പെടുത്തിയത്..”